പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 762

12/06/2013-ൽ മറുപടിയ്ക്കു്

## ശബരിമലയിലെ സീറോ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) 2011-2012 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ശബരിമലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായുള്ള സീറോ വേസ്റ്റ് മാനേജ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിക്ക് എന്തു തുകയാണ് നീക്കിവെച്ചിരുന്നത് എന്നും, എന്നാണ് ഇതു സംബന്ധിച്ച ഉത്തരവു പുറപ്പെടുവിച്ചിരുന്നത് എന്നും അറിയിക്കുമോ; | എ) 31/03/2012 -ലെ ജി.ഒ.(എം.എസ്) നം. 6/2012/എൻവയോൺമെന്റ് ഉത്തരവ് പ്രകാരം 5 കോടി രൂപ അനുവദിച്ചിരുന്നു. |
| ബി) ഇതനുസരിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് ശബരിമലയിൽ നടത്തിയിട്ടുള്ളത് എന്നും, ഓരോന്നിനും ചെലവഴിച്ച തുക എത്ര എന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ; | ബി) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലും പരിസര പ്രദേശങ്ങളിലും അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ അപ്പപ്പോൾ തന്നെ നീക്കം ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഇതിലേക്കാവശ്യമായ സാധന സാമഗ്രികൾ, വാഹനങ്ങൾ എന്നിവയും ലഭ്യമാക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. സന്നദ്ധ സംഘടനകൾക്കുള്ള ഭക്ഷണ ചെലവിനായി 11,55,238 രൂപയും, ക്ലീനിംഗ് ഉപകരണങ്ങൾ പമ്പയിൽ നിന്നും ശബരിമലയിൽ എത്തിച്ചതിന് ട്രാക്ടർ കൂലിയായി 18,000 രൂപയും, ശുചീകരണത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന് 2,89,710 രൂപയും, ട്രാക്ടർ വാങ്ങിയതിനായി 7,52,754 രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| സി) ഈ പദ്ധതി പിന്നീടും തുടർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) ഈ പദ്ധതി തുടർന്നും നടപ്പിലാക്കുന്നതിലേക്കായി 5 കോടി രൂപ 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ